# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

**അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം**

(വെബ് എഡീഷൻ മാത്രം) 2007 ഏപ്രിൽ 4


# സഭാകേസ്: ഹൈക്കോടതി പരാമർശനങ്ങൾ സുപ്രീം കോടതി റദ്ദാക്കി

**ഷെല്ലി ജോൺ**

ന്യൂഡൽഹി: സഭാകേസിൽ 2004-ലെ ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിയിലെ ഓർത്തഡോക്സ് സഭയ്ക്കെതിരായ പരാമർശനങ്ങൾ സുപ്രീംകോടതി ഇന്ന് റദ്ദാക്കി. ഇടവകപള്ളികൾ സംബന്ധിച്ച കേസുകൾ സിവിൽ കോടതി വഴി തുടരാമെന്ന് സുപ്രീംകോടതി വിധിയിൽ പറയുന്നതായി സഭയുടെ ലീഗൽ സെല്ലിന്റെ ചുമതലയുള്ള അഡ്വ. പി. ജി. ജേക്കബ് *അൽമായവേദി*യോടു പറഞ്ഞു.

ഹൈക്കോടതിവിധിയിലെ പരാമർശനങ്ങൾ പൂർണ്ണമായും സുപ്രീംകോടതി റദ്ദാക്കിയെന്നും ഈ പരാമർശനങ്ങൾ മറ്റ് കേസുകളിൽ യാതൊരു കാരണവശാലും ഉപയോഗിക്കരുതെന്നും സുപ്രീംകോടതി നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വൈദികട്രസ്റ്റി ഫാ. ജോൺസ് ഏബ്രഹാം കോനാട്ട് *അൽമായവേദിയോട്* പറഞ്ഞു.

ഇടവകപള്ളികളെ സംബന്ധിച്ചുള്ള കേസുകളിൽ ഹൈക്കോടതി പരാമർശനം മൂലം നേരിട്ടിരുന്ന ബുദ്ധിമുട്ടുകൾ ഒഴിവായിയെന്നതാണ് വിധിയുടെ പ്രധാന നേട്ടം. 1934-ലെ ഭരണഘടനയനുസരിച്ച് മലങ്കരസഭാ കാര്യങ്ങൾ നടക്കണമെന്ന് സുപ്രീംകോടതി വീണ്ടും ശക്തമായ ഭാഷയിൽ ഈ വിധിയിലും പറഞ്ഞിട്ടുണ്ട്.

2004-ൽ ഹൈക്കോടതിവിധിക്കെതിരെ കൊടുത്ത അപ്പീൽ പാത്രിയർക്കീസ് വിഭാഗം ബോധപൂർവ്വം പല കാരണങ്ങൾ പറഞ്ഞ് നീട്ടിവയ്പിക്കുകയായിരുന്നു. മാർച്ച് 29-ന് കേസെടുത്തപ്പോൾ ഹൈക്കോടതി ആവശ്യമില്ലാത്ത വിഷയങ്ങളിൽ കയറി ഇടപെട്ട് വിധി പ്രസ്താവിച്ചുവെന്ന് ജഡ്ജിമാർ ചൂണ്ടിക്കാട്ടിയിരുന്നു. അന്നു തന്നെ വിധി പ്രസ്താവിക്കാനൊരുങ്ങവെ പാത്രിയർക്കീസ് വിഭാഗം ജൂണിയർ വക്കീൽ കരഞ്ഞു കാലു



മലങ്കര മെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായുമായ പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ



ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ



ഫാ. ജോൺസ് ഏബ്രഹാം കോനാട്ട് (വൈദിക ട്രസ്റ്റി)



എം. ജി. ജോർജ്ജ് മുത്തൂറ്റ് (അൽമായ ട്രസ്റ്റി)

# ക്രൂശിക്കപ്പെട്ട സത്യം ഉയിർത്തെഴുന്നേറ്റു: പ. കാതോലിക്കാ ബാവാ

കോലഞ്ചേരി: ക്രൂശിക്കപ്പെട്ട സത്യം ഒടുവിൽ ഉയിർത്തെഴുന്നേറ്റിരിക്കുന്നുവെന്ന് സുപ്രീം കോടതി വിധി അറിഞ്ഞ ഉടൻ പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ പറഞ്ഞു. കോലഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ബാവാ വൈകുന്നേരം പത്രസമ്മേളനവും നടത്തി. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ, വൈദികട്രസ്റ്റി, വർക്കിംഗ് കമ്മറ്റിയംഗം ജോൺ സഖറിയ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

പിടിച്ച് പറഞ്ഞതുകൊണ്ടാണ് മാർച്ച് മൂന്നിലേക്കു കേസ് നീട്ടി വച്ചത്.

അറ്റകൈ പ്രയോഗമെന്ന നിലയിൽ ഇന്നലെ ഇന്ത്യയിലെ ഏറ്റവും സീനിയറായ അഭിഭാഷകരെയാണ് വിഘടിത വിഭാഗം ഹാജരാക്കിയത്. എന്നിട്ടും രക്ഷയില്ലെന്നു തോന്നിയിട്ടാവാം ഇന്ന് അഞ്ചു മിനിട്ട് കൂടി തരണമെന്ന് അവർ കോടതിയോട് അപേക്ഷിച്ചിരുന്നു. മുൻ കേന്ദ്ര മന്ത്രിയായ ഒരു അഡ്വക്കേറ്റിനെയാണ് അവസാന നിമിഷം അവർ ഇറക്കിയത്. പക്ഷേ, ജഡ്ജിമാർ ആദ്യം മുതലെ ഹൈക്കോടതി ആവശ്യമില്ലാത്ത മേഖലകളെക്കുറിച്ച് വിധി പ്രസ്താവിച്ചു എന്ന ആശയത്തിലായിരുന്നു നിന്നത്.

കത്തിപ്പാറത്തടം കേസിലെ കേരളാ ഹൈക്കോടതി വിധിയിലെ നിഗമനങ്ങളും സെപ്റ്റംബർ 21 ലെ അസോസിയേഷൻ സംബന്ധിച്ച കേസിലെ ജസ്റ്റീസ് അശോക് മേനോന്റെ വിധിയിലെ നിഗമനങ്ങളും ഇപ്പോൾ നിലവിലുള്ള കേസുകളിലെ വിധിയിലേക്കുള്ള ചൂണ്ടുപലകയാണെന്ന് നിയമവിദഗ്ദ്ധന്മാർ ചൂണ്ടിക്കാണിക്കുന്നു.

സഭാ കേസിൽ 1995 ലെ വിധിയും ഡിക്രിയും മലങ്കരസഭയുടെ എല്ലാ പള്ളികളിലും നടപ്പിലാക്കിക്കിട്ടാൻ പോലീസ് സഹായമാവശ്യപ്പെട്ടുള്ള ഹർജി തള്ളിയ ഹൈക്കോടതി ഉത്തരവിനെതിരെ ഓർത്തഡോക്സ് വിഭാഗം നൽകിയ പ്രത്യേകാനുമതി ഹർജിയിലും മറ്റു ഹർജികളിലുമാണ് സുപ്രീംകോടതി വിധി പറഞ്ഞത്.

ജസ്റ്റീസുമാരായ എസ്. ബി. സിൻഹ, മാർക്കണ്ഡേയ കട്ജു എന്നിവരുടെ ബെഞ്ച് മുൻപാകെ ഇന്നലെ നടന്ന വാദം പൂർത്തിയായിരുന്നില്ല. ഇന്നും അഞ്ചു മിനിറ്റ് വാദിക്കാനുണ്ടെന്നു പാത്രിയർക്കീസ് വിഭാഗം വ്യക്തമാക്കിയിരുന്നു. കോടതി ആവശ്യം അംഗീകരിച്ചു. കഴിഞ്ഞയാഴ്ച കേസ് പരിഗണിച്ചപ്പോൾ പാത്രിയർക്കീസ് വിഭാഗത്തിന്റെ സീനിയർ അഭിഭാഷകൻ ഹാജരാകാതിരുന്നതിനാലാണു വാദം ഇന്നലത്തേക്കു മാറ്റിയത്.

പോലീസ് സംരക്ഷണം ആവശ്യപ്പെട്ട ഹർജിയിൽ നൽകിയ ഉത്തരവിൽ ഹൈക്കോടതി അധികമായി നൽകിയ പരാമർശങ്ങൾ ഓർത്തഡോക്സ് വിഭാഗം ക്ഷണിച്ചു വരുത്തിയതാണെന്നു പാത്രിയർക്കീസ് വിഭാഗത്തിനു വേണ്ടി കെ. പരാശരൻ, സി. എൽ. വൈദ്യനാഥൻ, അനിൽ ദിവാൻ, ടി. ആർ. അന്ത്യാർജുന, എ. രഘുനാഥ്, പി. കെ. മനോഹർ എന്നിവർ വാദിച്ചു.

ഹൈക്കോടതിയിൽ നൽകിയ ഹർജിയിൽ ഇടവകകളുടെ നിയന്ത്രണത്തെക്കുറിച്ചു പല തവണ പരാമർശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് 1995 ലെ സുപ്രീംകോടതി ഉത്തരവു വ്യാഖ്യാനിക്കാൻ ഹൈക്കോടതി നിർബന്ധിതമായത്. ഓർത്തഡോക്സ് വിഭാഗത്തിന്റെ നിലപാടു മൂലം തങ്ങളും ഹൈക്കോടതിയും കേസിന്റെ വിശദാംശങ്ങളിലേക്കു കടന്നു. വിഘടിച്ചു പോകാൻ തങ്ങൾക്ക് അധികാരമുണ്ടെന്നും അതിനാൽ ഹൈക്കോടതിയുടെ തീരുമാനങ്ങൾ റദ്ദാക്കരുതെന്നും പാത്രിയർക്കീസ് പക്ഷം വാദിച്ചു.

എന്നാൽ ഹൈക്കോടതി ഉത്തരവു റദ്ദാക്കുന്നതിനു പകരം റിട്ട് ഹർജിയുടെ പരിധിയെ സംബന്ധിച്ചാണു തങ്ങൾ തീരുമാനം പറയുകയെന്നു ബെഞ്ച് വാക്കാൽ നിരീക്ഷിച്ചു.

ഓർത്തഡോക്സ് പക്ഷത്തിനു വേണ്ടി റോഹിന്റൺ നരിമാൻ, ഇ. എം. സദറുൾ അനം, എസ്. ശ്രീകുമാർ എന്നിവർ ഹാജരായി. കാലം ചെയ്ത പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായ്ക്കു പകരമായി തന്നെ കക്ഷിയാക്കണമെന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാബാവായുടെ ഹർജിയിൽ കക്ഷിചേരാൻ അപേക്ഷിച്ച കെ. ജെ. വിനോദ്, ടി. വി. മാത്യു, വി. എസ്. ജോണി, ഗീവർഗീസ് പൗലോസ് എന്നിവർക്കു വേണ്ടി ദുഷ്യന്ത് ദവെ, ഹാരീസ് ബീരാൻ എന്നിവരും ഹാജരായി.

## മദ്ധ്യസ്ഥ ശ്രമങ്ങൾക്ക് പ്രസക്തിയില്ല: ജോൺ സഖറിയ

എറണാകുളം: ഇന്ത്യൻ ഭരണഘടനപ്രകാരം ഏറ്റവും ഉന്നതനായ മദ്ധ്യസ്ഥനായ നീതിന്യായ കോടതികളുടെ വിധിക്കുപരിയായി മറ്റൊരു മദ്ധ്യസ്ഥതയ്ക്കോ സമവായത്തിനോ പ്രസക്തിയോ നിലനിൽപ്പോ ഇല്ലെന്ന് വർക്കിംഗ് കമ്മറ്റിയംഗം ജോൺ സഖറിയ അൽമായവേദിയോട് പറഞ്ഞു. കോടതി വിധികളിലൂടെ പ്രശ്നം തീരില്ല എന്നും സർക്കാരോ സഹോദരീ സഭകളോ മദ്ധ്യസ്ഥത വഹിക്കണമെന്നുമുള്ള ഫാ. വർഗീസ് കല്ലാപ്പാറയുടെ പ്രസ്താവനയോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

# പോലീസ് സഹായ റിട്ട് ഹർജിയുടെ നാൾവഴി

മലങ്കര മെത്രാപ്പോലീത്തായ്ക്കും സഹമെത്രാന്മാർക്കും മലങ്കരസഭയിലെ പള്ളികളിൽ പോകുന്നതിന് 'ശക്തവും മതിയായതുമായ' പോലീസ് സംരക്ഷണം നൽകുവാൻ സർക്കാരിനു നിർദ്ദേശം കൊടുക്കണമെന്നാവശ്യപ്പെട്ട് മലങ്കര മെത്രാപ്പോലീത്താ മാത്യൂസ് ദ്വിതീയൻ കാതോലിക്കോസും ഏതാനും മെത്രാന്മാരും ചേർന്ന് 2002 ഓഗസ്റ്റ് 9 -ന് കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തു. കാതോലിക്കോസ് പുതുതായി രൂപംകൊടുത്ത ലീഗൽ സെല്ലിന്റെ ഉപദേശപ്രകാരമായിരുന്നു ഇത്.

**ഹർജിക്കാർ ഭാഗം കേസ്**

1934-ലെ സഭാഭരണഘടനയുടെ സാധുത രണ്ടാം സമുദായക്കേസിൽ സുപ്രീംകോടതി സ്ഥാപിച്ചു. 2002 മാർച്ച് 20 -ന് പരുമലയിൽ ചേർന്ന മലങ്കര അസോസിയേഷനിൽ മാത്യൂസ് ദ്വിതീയൻ കാതോലിക്കോസിന്റെ മലങ്കരമെത്രാപ്പൊലീത്താ സ്ഥാനം ഉറപ്പിച്ചു. സുപ്രീംകോടതി ഉത്തരവു പ്രകാരം, നിരീക്ഷകന്റെ മേൽനോട്ടത്തിൽ നടത്തപ്പെട്ട ഈ അസോസിയേഷൻ തീരുമാനം അന്തിമമാണ്. അസോസിയേഷനെ തുടർന്നുണ്ടായ സുപ്രീംകോടതിയുത്തരവു മൂലം ഈ തീരുമാനം ഏതെങ്കിലും അധികാരസ്ഥാനത്തോ കോടതിയിലോ ചോദ്യം ചെയ്യപ്പെടാനാവില്ല. കോടതി ഉത്തരവും മലങ്കര അസോസിയേഷൻ തീരുമാനവും മലങ്കരയിലെ എല്ലാ പള്ളികൾക്കും ബാധകമാണ്.

പാത്രിയർക്കീസ് ഭാഗം മെത്രാന്മാർ നിയമാനുസൃതം വാഴിക്കപ്പെട്ടവരല്ല; അവർ മലങ്കരസഭയിലെ പള്ളികളിലും സ്ഥാപനങ്ങളിലും ശുശ്രൂഷകൾ ചെയ്യുന്നതു രണ്ടാം സമുദായക്കേസിലെ നിരോധന ഉത്തരവുമൂലം വിലക്കിയിട്ടുള്ളതാണ്. മാർ ദിവന്നാസിയോസും (തോമസ് പ്രഥമൻ ശ്രേഷ്ഠ കാതോലിക്കോസ്) കൂട്ടുമെത്രാന്മാരും പുതിയ ഒരു സഭ സ്ഥാപിച്ചിരിക്കുകയാണിപ്പോൾ. ഇവർ നിയമവിരുദ്ധമായി മലങ്കരയിലെ ചില പള്ളികളിൽ കുർബാന അർപ്പിച്ചുവരുന്നു. മലങ്കരയിലെ ആയിരത്തിൽപരം പള്ളികൾ സംബന്ധിച്ചു വിവിധ കോടതികളിൽ നിന്നു നിരോധനഉത്തരവു വാങ്ങുക അപ്രായോഗികമാണ്. ഹർജിക്കാർക്കും സഹമെത്രാന്മാർക്കും സംരക്ഷണം നൽകുവാനും പാത്രിയർക്കീസ് ഭാഗം മെത്രാന്മാർ മലങ്കരസഭയിലെ പള്ളികളിൽ കയറുന്നില്ലായെന്ന് ഉറപ്പിക്കാനുമുള്ള ബാദ്ധ്യത സർക്കാരിനുണ്ട്. ഇതിലേക്കു വേണ്ട അപേക്ഷകൾ സർക്കാരിൽ ബോധിപ്പിച്ചിരുന്നു.

# സഭാകേസുകൾ അവസാനഘട്ടത്തിലേക്ക്

**(നിയമകാര്യ ലേഖകൻ)**

സഭാസംബന്ധമായി 1971 -ൽ ആരംഭിച്ച കേസുകൾ സുപ്രീംകോടതിവിധിയോടെ പരിസമാപ്തിയിലെത്തുമെന്ന ശുഭാപ്തി വിശ്വാസം ഉയരുന്നു. 1995 ലെ സുപ്രീംകോടതി വിധിയും അതിന്റെയടിസ്ഥാനത്തിൽ 2002 -ൽ നടന്ന അസ്സോസിയേഷനും അതിനെയംഗീകരിച്ച് സുപ്രീംകോടതി നൽകിയ ഡിക്രിയും അനുസരിച്ച് മലങ്കര മെത്രാപ്പോലീത്തായ്ക്ക് ആവശ്യമുള്ളപക്ഷം പള്ളികളിൽ പ്രവേശിക്കുവാൻ പോലീസ് സംരക്ഷണമാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന ഹർജിയിൽ ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിയിലെ ചില ഭാഗങ്ങൾ കേസിന്റെ പരിധിക്കു പുറത്താണെന്ന സുപ്രീംകോടതി വിധിയാണ് ഏറ്റവും പുതിയ സംഭവവികാസം. പള്ളികൾക്ക് യുക്തമെന്നു തോന്നുന്ന ഭരണഘടന സ്വീകരിക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്ന പരാമർശം കേസിനാധാരമായ വസ്തുതകളുടെ പരിധിക്കു പുറത്താണെന്ന വിധത്തിൽ സുപ്രീംകോടതി ജഡ്ജ്മെന്റുണ്ടായതോടെ കേസുകൾ പരിസമാപ്തിയിലെത്തുവാനുള്ള സാദ്ധ്യത ഉണ്ടാവുകയും വിഘടിത വിഭാഗത്തിന് പിടിച്ചു നിൽക്കുവാൻ ഒരു കച്ചിത്തുരുമ്പുപോലുമില്ലാത്ത സ്ഥിതിയിൽ വരുകയുമാണ് ചെയ്തിരിക്കുന്നത്.

സഭയിലെ വിഭജനവാദികളുടെ സമ്മർദ്ദത്തിന് വഴങ്ങിയാണെന്നു പറയപ്പെടുന്നു, ഫാലി നരിമാൻ സഭയ്ക്കുവേണ്ടി സുപ്രീംകോടതിയിൽ ഹാജരായില്ല. പകരം അദ്ദേഹത്തിന്റെ പുത്രനായ റോഹിൺടൻ നരിമാനാണ് ഹാജരായത്. വിഭജനവാദികൾ ഇതുകൊണ്ട് തങ്ങളുടെ ശ്രമം നിർത്തുമെന്ന് അർത്ഥമാക്കേണ്ടതില്ല. പലതരം സമ്മർദ്ദങ്ങളിലൂടെയും ലോബിയിംഗുകളിലൂടെയും വിഭജനമെന്ന അജണ്ട നടപ്പാക്കുവാൻ പതിനെട്ടടവുകളും പയറ്റുകതന്നെ ചെയ്യും. വിഭജനം ഒരു കാരണവശാലുമനുവദിക്കയില്ലെന്ന പ. ദിദിമോസ് ബാവായുടെ നിലപാടിന് സമീപകാലത്ത് പിന്തുണ ഏറിവരുന്നുണ്ട്. വിഭജനവാദികളോടൊപ്പം നിലയുറപ്പിച്ച ഫാ. ഡോ. ഒ. തോമസിന്റെ തിരഞ്ഞെടുപ്പിലെ ദയനീയ പരാജയം പലരുടെയും കണ്ണു തുറപ്പിച്ചിട്ടുണ്ട്. എന്നാലിപ്പോൾ സഭാകേന്ദ്രത്തിൽ അവിഹിത സ്വാധീനം ചെലുത്തുന്ന മണ്ണാറപ്രായിൽ കോറി, എം. ഒ. ജോണച്ചൻ എന്നിവരിലാണ് വിഭജനവാദികളുടെ ശ്രദ്ധ. എന്നാൽ സുപ്രീംകോടതി വിധി അസന്നിഗ്ദ്ധമായ നിലയിൽ വന്നതോടെ വിഭജനവാദികൾക്ക് പിടിച്ചു നിൽക്കാൻ പുതിയ തന്ത്രം ആവിഷ്കരിക്കേണ്ടതായി വന്നിരിക്കുകയാണ്.

പുത്തൻകുരിശു സൊസൈറ്റിയിലെ സമാധാനകാംക്ഷികളായ ഒരു വലിയ വിഭാഗം പുനരൈക്യത്തിന് തയ്യാറെടുക്കുന്നുണ്ട്. തോമസ് പ്രഥമൻ മഫ്രിയാനയുടെ അജ്ഞാതവാസം ചികിത്സക്കെന്ന പേരിലാണെങ്കിലും യഥാർത്ഥ കാരണം മറ്റു പലതാണെന്നും അഭ്യൂഹങ്ങൾ ഉയരുന്നുണ്ട്.

**പ്രതിഭാഗം നിലപാട്**

മലങ്കരയിലെ പല പള്ളികൾ സംബന്ധിച്ചും സിവിൽ കോടതികളിൽ കേസുകൾ നിലവിലുണ്ട്. ഈ കേസു നടപടികളെ തടസ്സപ്പെടുത്തുവാനാണു വാദികൾ ശ്രമിക്കുന്നത്. ഇടവകപ്പള്ളികളെ സംബന്ധിച്ചു യാതൊരു ഉത്തരവും സുപ്രീംകോടതി നൽകിയിട്ടില്ല. മലങ്കര മെത്രാപ്പോലീത്തായ്ക്കു തനിച്ചു പള്ളികളിൽ അവകാശമോ നിയന്ത്രണമോ ഇല്ല. അപ്രകാരം സുപ്രീംകോടതി പ്രഖ്യാപിച്ചിട്ടുമില്ല. ഇടവകാംഗങ്ങൾ സ്ഥാപിച്ച പള്ളികൾ ഭരിക്കാനുള്ള അവകാശം അവർക്കു മാത്രമാണ്. അസ്സോസിയേഷനും യൂണിയനും രൂപീകരിക്കുവാനുള്ള അവകാശം ഇൻഡ്യൻ ഭരണഘടന ഉറപ്പാക്കുന്ന മൗലികഅവകാശങ്ങളിലൊന്നാണ്. അസോസ്സിയേഷൻ രൂപവൽക്കരിക്കുവാൻ അവകാശമുണ്ടെങ്കിൽ അതിൽ നിന്നു പിരിയുവാനും മറ്റൊരു അസ്സോസിയേഷനുണ്ടാക്കുവാനും അവകാശമുണ്ടാവും. അസോസ്സിയേഷനിൽ നിന്നു വിട്ടുപോരുന്നവർ സ്വത്തുക്കൾ പഴയ അസോസ്സിയേഷനിൽ ഏല്പിക്കേണ്ടതില്ല. 1934 -ലെ ഭരണഘടന അസോസ്സിയേഷനിൽ തുടരുന്നവർക്കു മാത്രമാണ് ബാധകം. ഇടവകപ്പള്ളികൾ, അവയുടെ സ്വത്തുക്കൾ അസോസ്സിയേഷനിൽ അടിയറ വച്ചിട്ടില്ല. പാത്രിയർക്കീസ്, സഭയുടെ ആത്മീയ മേലദ്ധ്യക്ഷനാണെന്നതും ആത്മീയ ശ്രേണിയിൽ കാതോലിക്കോസിനെക്കാൾ ഉന്നതനാണെന്നതുമാണ് സുപ്രീംകോടതി വിധിയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ. ഇവ അവഗണിച്ച്, താൻ പാത്രിയർക്കീസിനു തുല്യനാണെന്ന് കാതോലിക്കോസ് അവകാശപ്പെടുന്നു. ഇതുമൂലമാണു മലങ്കരയിൽ വിയോജിപ്പുണ്ടായിട്ടുള്ളത്. ഇരുഭാഗവും യോജിക്കുന്നതിനുള്ള തടസ്സവും ഇതുതന്നെയാണ്. ഐക്യം സാധ്യമല്ലെന്നു കണ്ട് ഭഗ്നാശയരായ 489 പള്ളികൾ 'യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ' രൂപവൽക്കരിച്ചു. അതിനു ഭരണഘടനയുണ്ടാക്കി. ഈ അസോസ്സിയേഷന്റെ പ്രസിഡന്റായി തോമസ് പ്രഥമൻ ശ്രേഷ്ഠ കാതോലിക്കോസിനെ തെരഞ്ഞെടുത്തു. ജനാധിപത്യം ഈ സഭയുടെ അടിസ്ഥാനതത്വങ്ങളിലൊന്നായി സുപ്രീംകോടതി കണ്ടിട്ടുള്ളതാണ്. 489 പള്ളികൾ, അവ ഓരോന്നിന്റെയും പൊതുയോഗ തീരുമാനപ്രകാരമാണ് മലങ്കര അസോസ്സിയേഷനിൽ നിന്ന് വിട്ടുപോന്നിട്ടുള്ളത്. ഈ പള്ളികളുടെ കാര്യങ്ങളിൽ ഹർജിക്കാർക്ക് ഇടപെടത്തക്കതല്ല. പള്ളി സ്വത്തുക്കളുടെ ഭരണം സംബന്ധിച്ചല്ല സുപ്രീംകോടതി വിധി. പരുമല അസോസ്സിയേഷൻ തീരുമാനവും തുടർന്നുള്ള സുപ്രീംകോടതി ഉത്തരവും അസോസ്സിയേഷനിൽ പങ്കെടുത്തവരെയും പ്രസ്തുത അസോസ്സിയേഷനിൽ തുടരുന്നവരെയും മാത്രമാണ് ബന്ധിക്കുന്നത്. ശ്രേഷ്ഠ കാതോലിക്കോസിനെയും സഹമെത്രാന്മാരെയും സ്വീകരിക്കുന്ന പള്ളികളിൽ അവർക്ക് അധികാരം വഹിക്കുന്നതിന് അവകാശമുണ്ട്. കോടതിയുത്തരവു നടപ്പിലാക്കേണ്ടതു സർക്കാരല്ല. കോടതിവിധികൾ നിയമം അനുശാസിക്കുന്ന നടപടികളിലൂടെ മാത്രമേ നടപ്പാക്കാനാവൂ. രണ്ടാം സമുദായക്കേസിലെ നടത്തത്തക്ക വിധിയത്രയും സുപ്രീംകോടതി തന്നെ നടത്തിക്കഴിഞ്ഞു. എതൃ കക്ഷികൾ പുതിയ സഭ സ്ഥാപിച്ചിട്ടില്ല; പള്ളികൾ, 'യാക്കോബായ സുറിയാനി സഭ' എന്നറിയപ്പെടുന്ന അസോസ്സിയേഷനിൽ ചേരുകയാണുണ്ടായിട്ടുള്ളത്. സുപ്രീം കോടതിയുത്തരവുകൾ പള്ളികളെ ഇതിൽ നിന്നും തടയുന്നില്ല; എന്തുകൊണ്ടെന്നാൽ, പള്ളികൾ കേസിൽ കക്ഷികളായിരുന്നില്ല.

**ഹൈക്കോടതിവിധി**

പാത്രിയർക്കീസ് പക്ഷത്തിന്റെ തർക്കങ്ങൾ സ്വീകരിച്ച്

2003 ജനുവരി 26-നു കേരളത്തിലെ ചീഫ് ജസ്റ്റിസ് ജവഹർലാൽ ഗുപ്തയും ജ. എം. രാമചന്ദ്രനുമടങ്ങുന്ന ഡിവിഷൻ ബഞ്ച് താഴെപ്പറയുന്ന പ്രകാരം റിട്ടുഹർജി തീർപ്പുകല്പിച്ചു.

1. 1995 -ലെ വിധിയിൽ ഇടവകപ്പള്ളികളുടെ അവകാശങ്ങളെപ്പറ്റി സുപ്രീംകോടതി തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. ഇടവകപ്പള്ളികൾ കേസിൽ കക്ഷികളായിരുന്നില്ല. അതിനാൽ, എതൃ കക്ഷികൾക്ക് പള്ളികളുടെ സ്വത്തുക്കൾ ഭരിക്കാനവകാശമില്ലെന്നോ ഒന്നാം ഹർജിക്കാരന് (മാത്യൂസ് ദ്വിതീയൻ കാതോലിക്കോസിന്) പള്ളികളുടെ മേൽ എന്തെങ്കിലും അവകാശമുണ്ടെന്നോ പറയാവുന്നതല്ല.

2. കാതോലിക്കോസ് ഫയൽ ചെയ്ത ലിസ്റ്റിലെ 1662 പള്ളികൾ കേസിലെ കക്ഷികളല്ല. അവയുടെ അവകാശങ്ങളെ ബാധിക്കത്തക്കവിധം ഒരു ഉത്തരവും നൽകാവുന്നതല്ല.

3. ഇൻഡ്യൻ ഭരണഘടനയനുസരിച്ച് മലങ്കര അസോസ്സിയേഷനിൽ നിന്നു വിട്ടുമാറുവാനും മറ്റൊരു അസോസ്സിയേഷൻ രൂപവൽക്കരിക്കുവാനും പള്ളികൾക്ക് അവകാശമുണ്ട്.

4. ചോദിച്ചതുകൊണ്ടു മാത്രം പോലീസ് സംരക്ഷണം നൽകത്തക്കതല്ല. സർക്കാരിന് ഇതുമൂലം ചെലവുണ്ടാകും. യുക്തമായ അധികാരി മുമ്പാകെയോ കോടതി മുമ്പാകെയോ ഉള്ള നടപടികൾക്കു പകരമായി ഉപയോഗിക്കാവുന്നതല്ല ഇത്. ഒരു വ്യക്തിക്കോ വസ്തുവിനോ നിലവിൽ അപകടമുണ്ടെന്നു കാണുന്നതിനു വ്യക്തമായ തെളിവുള്ളപ്പോൾ മാത്രമാണ്, സാധാരണ, ഈ ഉത്തരവു നൽകുന്നത്. മതസ്ഥാപനങ്ങളെ ബന്ധിക്കുന്ന കാര്യങ്ങളിൽ, പോലീസ് പ്രവേശനം അനുവദിക്കുന്നതിന് ഒരു നല്ല കേസ് ഇല്ലാത്ത പക്ഷം, പോലീസ് സംരക്ഷണം ഉത്തരവാകുന്നത് ഉചിതമായ ഒരു നടപടിയായിരിക്കില്ല.

5. മേൽ പറഞ്ഞ വസ്തുതകളും സാഹചര്യങ്ങളും വച്ചുകൊണ്ട് ഹർജിയിൽ ആവശ്യപ്പെടുന്ന നിവൃത്തികൾ അനുവദിക്കത്തക്കതല്ല.

**അപ്പീൽ - സുപ്രീംകോടതിയിൽ**

ഹർജിക്കാർ, കേരള ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. 1934 -ലെ സഭാ ഭരണഘടന "ഇടവകപ്പള്ളിക്കാര്യങ്ങളെ നിയന്ത്രിക്കുന്നതും പ്രാബല്യത്തോടെ നിലനില്ക്കുന്നതുമാണ്" എന്ന സുപ്രീംകോടതിയുടെ 1995 -ലെ വിധി വേണ്ടപോലെ ശ്രദ്ധിക്കാതെയും മറികടന്നുമാണ് ഹൈക്കോടതി വിധിച്ചിട്ടുള്ളതെന്നും അതിനാൽ ഹൈക്കോടതി വിധി നിലനില്ക്കത്തക്കതല്ലെന്നുമാണ് അപ്പീലിൽ ഹർജിക്കാർ ഉയർത്തിയിട്ടുള്ള ഏറ്റവും പ്രധാനവാദം.

മലങ്കരസഭയുടെ "ഐക്യവും പൂർണ്ണതയും" നിലനിർത്തുന്നതിനാണ് ഭരണഘടനാ ഭേദഗതി സുപ്രീംകോടതി നിർദ്ദേശിച്ചത്. സുപ്രീംകോടതി തന്നെ, നിരീക്ഷകന്റെ സാന്നിദ്ധ്യത്തിൽ മലങ്കര അസോസ്സിയേഷൻ വിളിച്ചു ചേർത്തതും ഇതിനു വേണ്ടിയാണ്. 1995 -ലെ വിധിയിൽ രേഖപ്പെടുത്തിയ ഇക്കാര്യം നിരീക്ഷകനെ നിയമിച്ചു കൊണ്ടുള്ള ഉത്തരവിൽ പ്രത്യേകം ഉദ്ധരിച്ചു ചേർത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അസോസ്സിയേഷനിൽ നിന്ന് വിട്ടു പോകുവാൻ പള്ളികൾക്ക് അവകാശമുണ്ടെന്നു കേരള ഹൈക്കോടതിയുടെ നിലപാട് നിയമത്തിനും സുപ്രീം കോടതിവിധിക്കും എതിരാണ്; 'സഭ' എന്ന കാഴ്ചപ്പാടിന് വിരുദ്ധവുമാണ് - വാദികൾ അപ്പീലിൽ ബോധിപ്പിച്ചു.



**മലങ്കരയുടെ സൂര്യതേജസ്സ്: പ. വട്ടശ്ശേരിൽ തിരുമേനി**

വാദിഭാഗം അപ്പീൽ 2003 ഏപ്രിൽ 21 -നു ഫയലിൽ സ്വീകരിച്ചു. എതൃ കക്ഷികൾക്ക് നോട്ടീസ് അയയ്ക്കാൻ കോടതി ഉത്തരവായി.

## അൽമായവേദിയെ എങ്ങനെ സഹായിയ്ക്കാം?

1. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി എന്ന പ്രസ്ഥാനത്തെ പ്രാർത്ഥനയിൽ സ്മരിയ്ക്കുക. 2. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദിയിൽ അംഗങ്ങളാകുകയും സജീവമായി പ്രവർത്തിയ്ക്കുകയും ചെയ്യുക. 3. അൽമായക്കാർ സ്വയം സംഘടിച്ച് സംഘടനയുടെ യൂണിറ്റുകൾ രൂപീകരിയ്ക്കുക. 4. സംഘടനയുടെ മുഖപത്രമായ അൽമായ വേദി മാസിക പ്രചരിപ്പിയ്ക്കുക. 5. ഓരോ മാസത്തേയും അൽമായവേദി മാസിക സ്പോൺസർ ചെയ്യുക. 6. പരസ്യം, ഉപകാര സ്മരണ, ചരമ വാർഷികം, വിവാഹ വാർഷികം എന്നിവ പ്രസിദ്ധപ്പെടുത്തി മാസികയെ സഹായിയ്ക്കുക. 7. സംഭാവനകൾ നൽകി സംഘടനയെയും മാസികയെയും ശക്തിപ്പെടുത്തുക. 8. സഭയുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങളും ലേഖനങ്ങളും കവിതകളും അയച്ചുതന്ന് സഹകരിയ്ക്കുക.

**ഓഫ് സൈഡ് - ഓഫ് സൈഡ്**

## തമ്പുവിന്റെ തമാശ

സുപ്രീംകോടതി വിധി വന്നയുടനെ വിഘടിത വിഭാഗത്തിന്റെ അൽമായട്രസ്റ്റി ഒരു പത്രസമ്മേളനം വിളിച്ചുകൂട്ടി വിധി തങ്ങൾക്കനുകൂലമാണെന്ന് പറഞ്ഞിരിക്കുന്നു! പോലീസ് പ്രൊട്ടക്ഷൻ ആവശ്യപ്പെട്ടിട്ട് കൊടുത്തിട്ടില്ലാത്തതിനാൽ വിധി തങ്ങൾക്ക് അനുകൂലമാണെന്നാണ് തമ്പുവിന്റെ കണ്ടുപിടുത്തം. കമന്നടിച്ചു വീണിട്ടും മീശയിൽ മണ്ണു പറ്റിയില്ലെന്ന് പറഞ്ഞപോലെയായി തമ്പുവിന്റെ ഈ തമാശ.

Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi
(Reg. No. K 713/2005), PB No. 652, Kottayam Editor: Joice Thottackad